**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1940** **02-02-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ബസ് സർവീസ് അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയെ മലപ്പുറവുമായി ബന്ധിപ്പിക്കുന്ന എളമരം കടവിലും കൂളിമാട്ടും പാലങ്ങൾ നിർമ്മിച്ച സാഹചര്യത്തിൽ പ്രദേശത്തെ മലയോരമേഖലയിലുള്ളവർക്ക് യാത്ര സുഗമമാക്കുന്നതിന് ഈ പാലങ്ങളിലൂടെ കെ.എസ്.ആർ.ടി.സി. ബസ് സർവീസ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് ജില്ലയെ മലപ്പുറവുമായി ബന്ധിപ്പിക്കുന്ന എളമരം കടവ് പാലം / കൂളിമാട്ടും പാലം വഴി കോഴിക്കോട് യൂണിറ്റിൽ നിന്നും രണ്ട് സർവീസുകൾ ഓപ്പറേറ്റ് ചെയ്യുന്നു. അതിൽ 05.50 പാലക്കാട് സർവീസിന് 4 ട്രിപ്പുകൾ എളമരംകടവ് പാലം വഴിയും ഒരു ട്രിപ്പ് കൂളിമാട്ടുംപാലം വഴിയും കടന്നുപോകുന്നു. കൂടാതെ 06.50 ചാത്തമംഗലം ഗ്രാമവണ്ടി സർവീസിന്റെ രണ്ട് ട്രിപ്പുകളും എളമരം കടവ് പാലം വഴി കടന്നുപോകുന്ന വിധത്തിൽ സർവീസ് നടത്തി വരുന്നുണ്ട്.<br><br>യാത്രക്കാരുടെ സൗകര്യാർത്ഥം പ്രസ്തുത റൂട്ടിലൂടെ കൂടുതൽ സർവീസുകൾ / ട്രിപ്പുകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സാധ്യതാപഠനം നടത്തി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ